കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

# 2016-17


ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

**e-mail:lfadtvm@yahoo.in**


(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം/ബി.പി/2114/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം, തീയതി: 30.10.2017

ഫോൺ. 04712331231

ഇ-മെയിൽ lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പോത്തൻകോട്ബ്ലോക്ക് പഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതു മാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്/-

ജോയിന്റ് ഡയറക്ടർ.

പകർപ്പ്:

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) സെക്രട്ടറി, ത.സ്വ.ഭ. വകുപ്പ്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) അസി.ഡവലപ്പ്മെന്റ് കമ്മീഷണർ, തിരുവനന്തപുരം

4) കാര്യാലയ പകർപ്പ്

5) സ്പെയർ

നം.കെ.എസ്.എ.റ്റി.വി.എം/ബി.പി/2114/17 തീയതി: 30.10.2017

# തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വി.എം.മോഹനൻപിള്ള, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09-10-2017 മുതൽ 13-10-2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി.ജയലക്ഷ്മി.ആർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിനോദ്.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.വിനുകുമാർ.പി.കെ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ജലജകുമാരി.എസ് | 01-04-16മുതൽ 23-11-2016വരെ |
| | ശ്രീമതി.ജോളി പത്രോസ് | 24-11-16 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീ. എം.എസ്. അനിൽകുമാർ | 01-04-16 മുതൽ 15-06-2016 വരെ |
| | ശ്രീമതി. ടി.ബീനാകുമാരി | 15-02-16 മുതൽ 27-06-2016 വരെ |
| | ശ്രീ.ടി.അശ്വനികുമാർ | 27-06-16 മുതൽ 31-07-2016 വരെ |
| | ശ്രീ.ടി.അജികുമാർ | 01-08-16 മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| എസ്.സി. ഡെവലപ്മെന്റ് ഓഫീസർ | ശ്രീ.എബി അബ്രഹാം | 01.04.2016 മുതൽ 30.06.2016 വരെ |
| | ശ്രീമതി.മിനി.പി | 01.07.2016 മുതൽ 31.03.2017 വരെ |
| സി.ഡി.പി.ഒ. | ശ്രീമതി.നസിമാബീവി. എ. | 01.04.2016 മുതൽ 13.07.2016 വരെ |
| | ശ്രീമതി.ലെജീന.കെ.എച്ച് | 14.07.2016 മുതൽ 31.03.2017 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി.നിഷ.എ.സലിം | 01.04.2016 മുതൽ 07.12.2016 വരെ |
| | ശ്രീ.ജി.ചാക്കോ | 08.12.2016 മുതൽ 31.03.2017 വരെ |
| അസി.ഡയറക്ടർ കൃഷി | ശ്രീമതി.ബിന്ദു കുമാരി | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി.ആർ.എസ്.ഗംഗ | 01.04.2016 മുതൽ 25.05.2016 വരെ |
| | ശ്രീ.സന്തോഷ് കുമാർ.എം.എസ് | 26.05.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. അജിത | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രികപരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതുവരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം - 2 | |
| 11 | യഥാസമയം കരാർ ചമച്ചില്ല – പിഴപ്പലിശ ഈടാക്കാത്തതിനാൽ 36299 രൂപ വരവ് നഷ്ടം. | 2-1 |
| 12 | വാടക കുടിശ്ശിക ഈടാക്കാത്തതിൽ നഷ്ടം | 2-2 |

| | | |
|---|---|---|
| 13 | വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം | 2-3 |
| | ഭാഗം - 3 | |
| 14 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് നാളിതുവരെ തിരികെ ലഭിച്ചില്ല | 3-1 |
| 15 | ഓട്ടോറിക്ഷ വാങ്ങൽ (പട്ടികജാതി) - ബാങ്ക് സബ്സിഡി ക്രമപ്പെടുത്തേണ്ടതാണ് | 3-2 |
| 16 | വൗച്ചറുകളുടെ അപാകത | 3-3 |
| 17 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിനചെലവ് - ചെലവ് രേഖകളില്ല – 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 |
| 18 | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടില്ല | 3-5 |
| 19 | പി.എം.എ.വൈ ഭവന നിർമ്മാണം - തുക പിൻവലിക്കലിൽ നിർവ്വഹണം ഒതുങ്ങുന്നു. | 3-6 |
| 20 | സി.എച്ച്.സി-ക്ക് മരുന്ന് വാങ്ങൽ - എൻ.എ.സി വാങ്ങിയിട്ടില്ല | 3-7 |
| 21 | സി.എച്ച്.സി-ക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ - എൻ.എ.സി വാങ്ങിയിട്ടില്ല | 3-8 |
| 22 | രേഖകൾ ലഭ്യമാക്കാതെ ആനുകൂല്യം നല്കി | 3-9 |
| | ഭാഗം - 4 | |
| 23 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃതഓഡിറ്റ്റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം | 4-9 |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 01-3-2016 തീയതിയിലെ 1-ാം നംപർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിൽ ഉൾക്കൊള്ളിച്ച വരവ് (മുന്നിരിപ്പ് ഉൾപ്പെടെ), ചെലവ് എന്നിവ യഥാക്രമം 319301000/-, 318015084/- രൂപയുമാണ്. യഥാർത്ഥ വരവ്, ചെലവ് യഥാക്രമം 130784032/- രൂപയും (മുന്നിരിപ്പുൾപ്പെടെ) 90248674/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 28-07-2017 | ------ | ------ |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

| |
|---|
| സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 29454450

വരവ് - 101329582

ആകെ - 130784032

ചെലവ് - 90248674

നീക്കിയിരിപ്പ് - 40535358

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 21661722 | 21661722 | 21661722 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 15171609 | 15171609 | 15171609 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 104211 | 104211 | 104211 | 0 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 4058252 | 4058252 | 4058252 | 0 |
| IAY(പ്ലാൻ ഫണ്ട്) (PMAY) | 8241452 | 67909300 + 3664000 =71573300 | 79814752 | 54678910 | 25135842 |
| IAY (A/C No-4545) (PMAY) | # 9971520 | - | 9971520 | 9971520 | 0 |
| IWMP | 413980 | 1014564 | 1428544 | 1427263 | 1281 |
| ജനറൽ പർപ്പസ് ഗ്രാന്റ് | * 4692311 | 3303996 | 7996307 | 4166562 | 12162869 |
| SIGN(A/C NO1365) | 2742 | 101 | 2843 | 0 | 2843 |
| SURVEY (a/c NO 5575) | 1225 | 49 | 1274 | 0 | 1274 |
| Plan fund (Panchayath Contribution a/c No-72108) | 65108 | 2423 | 67531 | 0 | 67531 |
| TSC (A/C No-4545) | # 975449 | 55368 | 1030817 | 345378 | 685439 |

* Bank Book, Pass Book, മുൻവർഷത്തെ നീക്കിയിരിപ്പ് എന്നിവ പ്രകാരം മുന്നിരിപ്പ് 4692311 ആണ്.

# 2016-17 സാമ്പത്തിക വർഷാരംഭത്തിൽ IAY, TSC-യും ഒറ്റ അക്കൗണ്ടിലായിരുന്നു. അതിനാൽ മുന്നിരിപ്പ് 9971520 + 975449 = 10946969 ആണ്. സർക്കാർ നിർദേശ പ്രകാരം 06.05.16-ൽ IAY അക്കൗണ്ടിലുള്ള ബാക്കി തുകയായ 9815420/-രൂപ തിരിച്ചടച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത അക്കൗണ്ടിൽ TSC -യുടെ തുക മാത്രമേ അവശേഷിക്കുന്നുള്ളൂ.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 76 | 94440275 | 57 | 41345702 | 19 | - | 75 |

## 1-7 തനത് വരുമാനം

ഇല്ല

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

ഇല്ല

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30-08-2017 | 01-04-2016 to 31-03-2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05-07-2014 | 2010-11 മുതൽ 2013-14 വരെ | 03-09-2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 യഥാസമയം കരാർ ചമച്ചില്ല - പിഴപ്പലിശ ഈടാക്കാത്തതിനാൽ 36299 രൂപ വരവ് നഷ്ടം.

ജി.ഒ.(പി) 13/2012/PWD/01.02.2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പാർട്ട് II സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ച് സെലക്ഷൻ നോട്ടീസ്അയച്ച തിയതി മുതൽ പതിനാല് ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. പതിനാല് ദിവസം കഴിഞ്ഞ് പത്ത് ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ PAC യുടെ 1% പിഴ ഈടാക്കി വേണം കരാറുടമ്പടി വെയ്ക്കേണ്ടത്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളിൽ മേൽ നിബന്ധന പാലിച്ചിട്ടില്ല. ആയതിനാൽ 36299/- രൂപയുടെ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം താഴെച്ചേർക്കുന്നു.

| പ്രോ.നം./പേര് | കോൺട്രാക്ടർ/ PAC തുക | സെലക്ഷൻ നോട്ടീസ് നല്കിയ തീയതി | 1% പിഴ യോട്ടുകൂടി കരാറുടമ്പടി വെയ്ക്കേണ്ട തീയതി | കരാർ വെച്ച തിയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| S0009/17 തെങ്ങണം റോഡ്, അയിരൂപ്പാറ | വിനോദ്. എം.ജി 373922.14 രൂപ | 23.06.2016 | 16.07.16 | 21.07.16 | 3739 |
| S0031/16, S0003/17 | ആർ.മുരളീധരൻ നായർ | 04.09.2015 | 28.09.15 | 03.10.15 | 7560 |

| | | | | | |
|---|---|---|---|---|---|
| കൈലാത്ത്കോണം-മാടൻനട റോഡ് നിർമ്മാണം. | 756000.9 രൂപ | | | | |
| S0095/16, S0091/17 കൊയ്ത്തൂർക്കോണം നീന്തൽക്കുളം പുനരുദ്ധാരണം | എൻ.പവിത്രൻ 1266668.52 രൂപ | 29.09.2015 | 22.10.15 | 17.11.15 | 25000 (maximum) |
| ആകെ | | | | | 36299 |

ഈ തുക കരാറുകാരിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കു വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 <u>വാടക കുടിശ്ശിക ഈടാക്കാത്തതിൽ നഷ്ടം</u>

*എ) <u>മൈനർ ഇറിഗേഷൻ ഓഫീസ് വാടകയിനത്തിൽ കുടിശ്ശിക</u>*

ബ്ലോക്ക് പഞ്ചായത്ത് അധീനതയിൽ, പോത്തൻകോട് ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന മൈനർ ഇറിഗേഷൻ ഓഫീസ് വാടകയിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനു (നം.1) നല്കിയ മറുപടിയിൽ 01.04.2015 മുതൽ പ്രസ്തുത ഓഫീസിന്റെ വാടക ഈടാക്കുവാനുണ്ട്. പ്രതിമാസം നിശ്ചയിച്ച 4550/- രൂപ നിരക്കിൽ നാളിതുവരെയുള്ള വാടക (30 മാസം x 4550/- = 136500/-) ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

*ബി) <u>കഴക്കൂട്ടം സബ് ട്രഷറിയിൽ നിന്നും വാടക ഈടാക്കുന്നില്ല.</u>*

പോത്തൻകോട് ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന സബ് ട്രഷറി 05.03.2014 മുതൽ വാടക കുടിശ്ശിക വരുത്തിയിട്ടുണ്ട്. നാളിതുവരെ 11,40,145/- രൂപ ഈടാക്കുവാനുണ്ട്. പ്രസ്തുത തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

*സി) <u>മുണ്ടയ്ക്കൽ മിനി വ്യവസായ കേന്ദ്രം</u>*

പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ മംഗലപുരം പഞ്ചായത്തിൽ മുണ്ടയ്ക്കൽ എന്ന സ്ഥലത്ത് MP 289 A, 289 B, 289 C, 289 D, 289 Eഎന്നിങ്ങനെ അഞ്ച് ഷെഡുകൾ ഉൾക്കൊള്ളുന്ന മിനി വ്യവസായ പാർക്കുണ്ട്. 21.03.2013 മുതൽ MP 289 A, 289 B, 289 C എന്നീ ഷെഡുകളും 20.08.2013 മുതൽ 289 D, 289 Eഎന്നീ ഷെഡുകളും ശ്രീ.അനിൽ കുമാർ.എസ്, സരോവരം, അരിയോട്ടുകോണം, അണ്ടൂർക്കോണം എന്ന വ്യക്തിക്ക് വ്യവസായ സംരഭത്തിനായി 15 വർഷത്തേക്ക് വാടകയ്ക്ക് നൽകുകയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. കരാർ പ്രകാരം എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പായി വാടക ഓഫീസിൽ അടയ്ക്കേണ്ടതാണ്. എന്നാൽ വാടക കൃത്യമായി അടയ്ക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. കൃത്യമായ വാടകയും, പിഴപ്പലിശയും യഥാസമയം ഈടാക്കുന്നതിൽ ഭരണസമിതിക്ക് മേൽനോട്ടക്കുറവ് ഉണ്ടായിട്ടുണ്ട്. ഒടുക്കിയ വാടകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഒടുക്കിയ തുക | ചെക്ക് നം. | തീയതി |
|---|---|---|
| 200000 | 582022 | 18.03.2015 |
| 100000 | 582042 | 13.07.2015 |
| 80000 | 582060 | 18.11.2015 |
| 202320 | 582066 | 31.12.2015 |
| 25680 | 582084 | 26.03.2016 |
| 235152 | 582117 | 07.01.2017 |
| 81650 | 741578 | 25.05.2017 |
| 81650 | 741581 | 14.07.2017 |
| 27217 | 741584 | 08.08.2017 |
| 27217 | 741587 | 30.08.2017 |
| 32660 | 878349 | 30.08.2017 |

ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.1) ന് മറുപടിയായി വാടകയിനത്തിൽ TDS കിഴിവ് വരുത്തിയിട്ടാണ് വാടകക്കാരൻ വാടക ഒടുക്കിയിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ TDS എന്ന നിലയിൽ കുറവ് വരുത്തിയ തുക ഉൾപ്പെടെ ബ്ലോക്ക് പഞ്ചായത്ത് 08/2017 ൽ ആവശ്യപ്പെട്ടിട്ടുള്ള 2,97,676/- രൂപ വാടകക്കാരനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം

KL22D–4151, KL 22 C–3599 എന്നീ വാഹനങ്ങളാണ് ബ്ലോക്ക് പഞ്ചായത്തിനുള്ളത്. പ്രസ്തുത വാഹനങ്ങൾക്ക് 2016-17 സാമ്പത്തിക വർഷം ഓറിയന്റൽ ഇൻഷ്വറൻസിൽ നിന്നും യഥാക്രമം 11,805/- രൂപയും 10,685/- രൂപയും ഒടുക്കി ഇൻഷ്വറൻസ് എടുത്തിട്ടുണ്ട്. ജി.ഒ.(പി) നം. 819/2000/ഫിൻ തീയതി.18.04.2000 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും വാഹന ഇൻഷ്വറൻസ് എടുക്കേണ്ടതാണ്. ആയതിനാൽ നടപ്പ് സാമ്പത്തിക വർഷം മുതൽ പ്രസ്തുത ഉത്തരവ് പാലിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ്വ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് നാളിതുവരെ തിരികെ ലഭിച്ചില്ല

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ

മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസും വാറ്റും (5%) പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ജി.ഒ.(പി)429/2015/ഫിൻ/28-09-2015 ഉത്തരവ് അനുസരിച്ച് 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ തുകയുടെ 0.2% തുകയാണ് (ഏറ്റവും കുറഞ്ഞത് 500 രൂപ, കൂടിയത് 2000 രൂപ). പത്ത് ലക്ഷത്തിന് മുകളിൽ ഒരു കോടി വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 2500 രൂപയുമാണ്. ഓഡിറ്റിന് ലഭ്യമാക്കിയ ടെണ്ടർ രജിസ്റ്റർ അനുസരിച്ച് പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിൽ 2016-17 വർഷം ഇ ടെണ്ടർ മുഖേന 18 പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ കരാറുകാരിൽ നിന്നും ലഭിച്ച ടെണ്ടർ ഫീസിന്റെ കണക്കോ, ഒടുക്കിയ EMD എത്രയാണെന്നോ, എന്നുള്ള വിവരം ഓഡിറ്റിന് ലഭിച്ചിട്ടില്ല. മേൽ വിവരം ചൂണ്ടികാണിച്ച് കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (06/13.09.17) കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

2016-17 വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ഉൾപ്പടെ ബ്ലോക്ക്പഞ്ചായത്തിന് ലഭിക്കേണ്ട തുകകൾ തിരികെ വാങ്ങാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വാറ്റ് ഇനത്തിൽ ഈടാക്കിയ തുക വാണിജ്യ നികുതി വകുപ്പിൽ അടവാക്കേണ്ടതും ടെണ്ടർ ഫീസ് ഇനത്തിൽ വരവ് വന്ന തുകകൾ കൺസോളിഡേറ്റഡ് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-2 ഓട്ടോറിക്ഷ വാങ്ങൽ (പട്ടികജാതി) - ബാങ്ക് സബ്സിഡി ക്രമപ്പെടുത്തേണ്ടതാണ്.

പ്രോജക്ട് നം. : SO 032/17 (പട്ടികജാതി യുവതീ യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങൽ)

പദ്ധതി അടങ്കൽ : 3,00,000/- (വികസനഫണ്ട്-എസ്.സി.പി.)

7,50,000/- (മറ്റുള്ളവ)

ചെലവ് : 1,00,000/- (ബിൽ നം. 18/16-17 തീയതി. 30.03.2017)

പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താവായ ശ്രീ.അരുൺ.എസ്.പി., കുരാവീട്, പാച്ചിറ, പള്ളിപ്പുറം എന്ന ഗുണഭോക്താവിന് വാഹനം വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി, സബ്സിഡി തുകയായ 50,000/- രൂപ ബാങ്കിൽ നല്കുകയും ചെയ്തു. എന്നാൽ ബാങ്കിന്റെ വായ്പാ പലിശ അമിതമാണെന്ന് ചൂണ്ടിക്കാണിച്ച് ടിയാൻ പദ്ധതിയിൽ നിന്ന് പിൻവാങ്ങുകയും വിവരം പട്ടികജാതി വികസന ഉദ്യോഗസ്ഥനെ കത്ത് മുഖാന്തിരം അറിയിക്കുകയും ചെയ്തു. 20.07.2017 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ V(1)-ാം നമ്പർ തീരുമാന പ്രകാരം ശ്രീ.അരുൺ.എസ്.പി-യുടെ അപേക്ഷ അംഗീകരിക്കുകയും മറ്റൊരു ഗുണഭോക്താവിന് ടി തുക കൈമാറാൻ കീരുമാനിക്കുകയും ചെയ്തു. എന്നാൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 4-ന് ലഭിച്ച മറുപടിയിൽ പുതിയ ഗുണഭോക്താവിനെ നാളിതുവരെ കണ്ടെത്തിയിട്ടില്ല. പ്രസ്തുത സബ്സിഡി തുക യൂണിയൻ ബാങ്കിന്റെ പോത്തൻകോട് ശാഖയിൽ നിന്ന് പിൻവലിക്കാനും സാധിച്ചിട്ടില്ല.

ആയതിനാൽ അടിയന്തിരമായി ഗുണഭോക്താവിനെ കണ്ടെത്തി തുക കൈമാറുകയോ, അല്ലെങ്കിൽ പട്ടികജാതി വികസന ഓഫീസറുടെ അക്കൗണ്ടിൽ മാറ്റി വാങ്ങികയോ ചെയ്യേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-3 വൗച്ചറുകളുടെ അപാകത

ബ്ലോക്ക് പഞ്ചായത്തിൽ 2016-17 ൽ ചുവടെ ചേർക്കും പ്രകാരം വിവിധ പ്രവർത്തനങ്ങൾക്ക് മുൻകൂർ നൽകിയിട്ടുള്ളതാണ്.

| വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|
| CB-28 | 06.06.2016 | 25,000/- |
| CB-41 | 14.06.2016 | 40,000/- |
| CB-49 | 08.07.2016 | 12,000/- |
| CB-118 | 16.12.2016 | 50,000/- |

ഓഡിറ്റ് എൻക്വയറി നം.3 പ്രകാരം മുൻകൂർ രജിസ്റ്ററും, മുൻകൂറുകൾ ക്രമീകരിച്ചതിന്റെയും വിവരങ്ങൾ ചോദിച്ചിരുന്നു. ആയതിനുള്ള മറുപടിയിൽ CB-28, CB-41 എന്നിവ പ്രകാരമുള്ള 65,000/- രൂപ SO 026/17 നമ്പർ പ്രോജക്ടിൽ (പദ്ധതി ആസൂത്രണ ചെലവ്) നിന്നും CB-118 ലെ 50,000/-രൂപ SO 043/17 നമ്പർ പ്രോജക്ടിൽ (കേരളോത്സവം 2016) നിന്നും ക്രമപ്പെടുത്തിയെന്നും CB-49 ലെ 12,000/- രൂപ എ3/1785/08/പി.എ.യു /എം.ജി.എൻ.ആർ.ഇ.ജി.എ, എ3/03/16/ജെ.പി. സി/എം.ജി.എൻ.ആർ.ഇ.ജി.എ. ഉത്തരവുകൾ പ്രകാരം അനുവദി ച്ചതാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ മുൻകൂർ അനുവദിച്ചതിന്റെ രജിസ്റ്ററുകളും അനുബന്ധ രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ രേഖകളുടെയും രജിസ്റ്ററുകളുടെയും അഭാവത്തിൽ മേൽപറഞ്ഞ തുകകൾ ക്രമീകരിച്ചിട്ടുണ്ടോയെന്ന് സ്ഥിരീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. മുൻകൂറുകൾ യഥാക്രമം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്.

## 3-4 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിനചെലവ് - ചെലവ് രേഖകളില്ല – 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. : SO 058/17 (കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ചെലവ്)

അടങ്കൽ : 2,00,000/- രൂപ (വികസനഫണ്ട് - റോഡിതരം)

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

മേൽപ്പറഞ്ഞ പദ്ധതിയിലേക്ക് 2,00,000/- രൂപ വികസനഫണ്ട് (റോഡിതരം)-ൽ നിന്നും വകയിരുത്തിയിട്ടുള്ളതും എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ടി തുക ചെലവഴിച്ചിട്ടുള്ളതായും കാണുന്നു. എന്നാൽ ടി പദ്ധതിയുടെ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ സെക്രട്ടറിയുടെ ബിൽ ബുക്ക് പ്രകാരം തുക പിൻവലിച്ചിട്ടില്ല. കൂടാതെ കൈമാറിക്കിട്ടിയ

സ്ഥാപനങ്ങളിലെ ഓഫീസ് തലവൻമാർക്ക് അലോട്ട്മെന്റ് നൽകിയതായി കാണുന്നു. ഇതിനുപുറമെ ചെലവ് നടത്തിയതിന്റെ വിവരങ്ങൾ (ചെലവ് ബില്ലുകൾ, രസീതുകൾ, വൗച്ചറുകൾ) ഒന്നും തന്നെ ഫയലിൽ ഇല്ല. അലോട്ട്മെന്റ് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപന മേധാവി | തുക | അലോട്ട്മെന്റ് നം./തീയതി |
|---|---|---|
| ക്ഷീര വികസന ഓഫീസർ | 10,000/- | 11/16-17 dt.31.10.2016 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 15,000/- | 13/16-17 dt.01.11.2016 |
| | 35,000/- | 49/16-17 dt.06.02.2017 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., പുത്തൻതോപ്പ് | 1,00,000/- | 19/16-17 dt.05.11.2016 |
| പട്ടികജാതി വികസന ഓഫീസർ | 10,000/- | 22/16-17 dt.26.11.2016 |
| ശിശു വികസന പ്രോജക്ട് ഓഫീസർ | 10,000/- | 36/16-17 dt.10.01.2017 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 10,084/- | 35/16-17 dt.10.01.2017 |
| | 9,916/- | 91/16-17 dt.25.03.2017 |
| ആകെ | 2,00,000/- | |

പദ്ധതി രൂപീകരണവും നടത്തിപ്പും നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയുടെ ചുമതലയാണെന്നതിനാൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ഓഫീസ് മേധാവിമാരിൽ നിന്നും ചെലവ് രേഖകൾ വാങ്ങി തുക ചെക്കായോ അക്കൗണ്ട് ട്രാൻസ്ഫർ മുഖാന്തിരം നൽകുകയോ ചെയ്യുന്നതിനു പകരം ഓഫീസ് മേധാവിമാരുടെ കത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ചെലവുരേഖകൾ വാങ്ങുകയോ പരിശോധിക്കുകയോ ചെയ്യാതെ പദ്ധതിതുക അലോട്ട് ചെയ്തു നൽകിയ സെക്രട്ടറിയുടെ നടപടി തികച്ചും നിരുത്തരവാദപരമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5) മറുപടി തൃപ്തികരമല്ല. ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ നിർവ്വഹണോദ്യോഗസ്ഥൻ തുക പിൻവലിച്ചിട്ടില്ലാത്തതിനാലും ചെലവ് രേഖകൾ വാങ്ങി പരിശോധിക്കുകയോ ഫയലിൽ സൂക്ഷിക്കുകയോ ചെയ്യാത്തതിനാലും പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച സംഭവിച്ചതായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിനാൽ ചെലവ് രേഖകളുടെ അഭാവത്തിൽ 2,00,000/- രൂപയുടെ ചെലവ് തൃപ്തികരമായി വിശദീകരിക്കും വരെ തടസ്സപ്പെടുത്തുന്നു.

## 3-5 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടില്ല.

2016-17-ൽ രണ്ടു പദ്ധതികളിലായി 6 കമ്പ്യൂട്ടറുകളും 4 പ്രിന്ററുകളും ഒരു സ്കാനറും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി കെൽട്രോണിൽ നിന്നും

വാങ്ങിയിട്ടുള്ളതാണ്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ടി ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതായോ വിതരണം നടത്തിയതായോ കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) പ്രോജക്ട് നം. : SO 088/17 (വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ)

അടങ്കൽ തുക : 1,00,000/- രൂപ (വികസനഫണ്ട്- റോഡിതരം)

ചെലവ് : 97,700/- (ബിൽ നം. plan 22/maint/16-17 dt. 20.03.2017)

ടി പദ്ധതി പ്രകാരം 2 കമ്പ്യൂട്ടറുകളും 2 പ്രിന്ററുകളും വാങ്ങിയിട്ടുണ്ട്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ ഉപകരണങ്ങൾ ലഭിച്ചതിന്റെയും ഏതു സ്ഥാപനത്തിനാണ് വിതരണം ചെയ്തതത് എന്നതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതാകുന്നു. കൂടാതെ ഏതെങ്കിലും സ്ഥാപനം ടി ഉപകരണങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളതായോ രേഖകളില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.5-ന് മറുപടിയിൽ ടി ഉപകരണങ്ങൾ ശിശുവികസന ഓഫീസിന് നൽകിയതായി പറഞ്ഞിട്ടുണ്ടെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ബി) പ്രോജക്ട് നം. : SO 059/17 (ബ്ലോക്ക് പഞ്ചായത്തിന് കമ്പ്യൂട്ടർ, പ്രിന്റർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ)

അടങ്കൽ തുക : 2,00,000/- രൂപ (വികസനഫണ്ട്- റോഡിതരം)

ചെലവ് : 1,99,900/- (ബിൽ നം. plan 22/maint/16-17 dt. 20.03.2017)

ടി പദ്ധതി പ്രകാരം 2 കമ്പ്യൂട്ടറുകളും 2 പ്രിന്ററുകളും ഒരു സ്കാനറും വാങ്ങിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ടി ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല.

(ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.5-ന് മറുപടിയിൽ ടി ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതായി പറഞ്ഞിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ലായിരുന്നു.)

ആയതിനാൽ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിനും അനുബന്ധ സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ നൽകുമ്പോൾ ആയത് കൃത്യമായി രേഖപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-6 പി.എം.എ.വൈ ഭവന നിർമ്മാണം - തുക പിൻവലിക്കലിൽ നിർവ്വഹണം ഒതുങ്ങുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

2016-17 കാലയളവിൽ പ്രധാന മന്ത്രി ആവാസ് യോജന- ഭവനനിർമ്മാണ പദ്ധതി പ്രകാരം വിവിധ പ്രോജക്ടുകളിലായി 1,34,40,000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിക്കുകയും നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയുടെ പേരിലുള്ള കോർപ്പറേഷൻ ബാങ്കിന്റെ കഴക്കൂട്ടം ശാഖയിൽ 132300101007321 എന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) പ്രോജക്ട് നം. : SO 093/17 (PMAY ഭവനനിർമ്മാണം- പട്ടികജാതി വകുപ്പിൽ നിന്നും ലഭിക്കേണ്ട തുക)

അടങ്കൽ തുക : 44,00,000/-രൂപ (വികസനഫണ്ട്- SCP)

ചെലവ് : 44,00,000/-രൂപ (ബിൽ നം.plan 6/scp/16-17 dtd.20.12.2016)

സ.ഉ.നം.2850/2016/തസ്വഭവ തീയതി.07.10.2016 പ്രകാരം (ഫയലിലെ രേഖപ്പെടുത്തൽ പ്രകാരം) IAY പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പട്ടികജാതി വകുപ്പിൽ നിന്നും ലഭിക്കേണ്ട തുക തദ്ദേശസ്ഥാപനങ്ങളിൽ നിന്നും നൽകുന്നതിന് അനുമതി നൽകിയിരുന്നു. ആയതിൻ പ്രകാരം പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് 2015-16 ലെ IAY ഗുണഭോക്താക്കൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 82 പേർക്ക് 40.000/- രൂപ വീതവും 74 പേർക്ക് 15,000/- രൂപ വീതവും ഒരാൾക്ക് 10,000/- രൂപയും (ആകെ 157 പേർക്ക്) നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും (തീരുമാനം നം. IV, തീയതി. 25.11.2016) 20.12.2016-ൽ തുക പിൻവലിച്ച് കോർപ്പറേഷൻ ബാങ്കിന്റെ കഴക്കൂട്ടം ശാഖയിൽ നിക്ഷേപിക്കുകയും ചെയ്തു. എന്നാൽ തുക നാളിതുവരെ വിനിയോഗിച്ചതായുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല.

ബി) പ്രോജക്ട് നം. : SO 066/17 (PMAY ഭവനനിർമ്മാണം- അധിക ധനസഹായം)

അടങ്കൽ തുക : 24,96,000/- രൂപ (വികസനഫണ്ട്- SCP)

ചെലവ് : 24,96,000/- രൂപ

(ബിൽ നം.plan 8/scp/16-17 dtd. 20.12.2016– Rs.12,80,000/- &

plan 15/scp/16-17 dtd. 29.02.2017 – Rs.12,16,000/-)

ടി പദ്ധതി പ്രകാരം 2016-17 കാലയളവിൽ എഗ്രിമെന്റ് വയ്ക്കുന്ന 78 ഗുണഭോക്താക്കൾക്ക് തുക കൈമാറുന്നതിനായി, 40 ഗുണഭോക്താക്കൾക്കു വേണ്ടി 12,80,000/- രൂപയും 38 ഗുണഭോക്താക്കൾക്കായി 12,16.000/- രൂപയും (ആകെ 24,96,000/- രൂപ) പിൻവലിച്ച് കോർപ്പറേഷൻ ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തു. എന്നാൽ ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചതായോ തുക വിനിയോഗിച്ചതായോ ഉള്ള രേഖകൾ ഫയലിൽ ലഭ്യമല്ല.

സി) പ്രോജക്ട് നം. : SO 115/17 (PMAY ഭവനനിർമ്മാണം- പട്ടികജാതി വിഭാഗങ്ങൾക്കുള്ള സംസ്ഥാന വിഹിതം)

അടങ്കൽ തുക : 12,00,000/- രൂപ (വികസനഫണ്ട്- SCP)

ചെലവ് : 12,00,000/- രൂപ (ബിൽ നം.plan.25/scp/16-17 dtd.21.03.2017)

ടി പദ്ധതി പ്രകാരം 12,00,000/- രൂപ ട്രഷറിയിൽ നിന്നും TSB അക്കൗണ്ടിലേക്ക് മാറ്റുകയും തുടർന്ന് ടി തുക RTGS മുഖേന കോർപ്പറേഷൻ ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തു. എന്നാൽ ടി തുക ഗുണഭോക്താക്കൾക്ക് നൽകിയതായോ തുക വിനിയോഗിച്ചതായോ ഉള്ള രേഖകൾ ഫയലിൽ ലഭ്യമല്ല.

ഡി) പ്രോജക്ട് നം. : SO 065/17 (PMAY ഭവനനിർമ്മാണം- അധിക ധനസഹായം)

അടങ്കൽ തുക : 53,44,000/- രൂപ (വികസനഫണ്ട്- SCP)

ചെലവ് : 37,44,000/- രൂപ

(ബിൽ നം.plan 9/scp/16-17 dtd. 23.12.2016–Rs. 28,80,000/- & plan 14/scp/16-17 dtd. 29.03.2017 – Rs. 8,64,000/-)

ടി പദ്ധതി പ്രകാരം 2016-17 കാലയളവിൽ 117 ഗുണഭോക്താക്കൾക്ക് തുക കൈമാറുന്നതിനായി, 90 ഗുണഭോക്താ ക്കൾക്കുവേണ്ടി 28,80.000/- രൂപയും 27 ഗുണഭോക്താക്കൾക്കായി 8,64.000/- രൂപയും (ആകെ 37,44,000/- രൂപ) ട്രഷറിയിൽ നിന്നും TSB അക്കൗണ്ടിലേക്ക് മാറ്റുകയും തുടർന്ന് ടി തുക RTGS മുഖേന കോർപ്പറേഷൻ ബാങ്കിന്റെ കഴക്കൂട്ടം ശാഖയിൽ നിക്ഷേപിക്കുകയും ചെയ്തു. എന്നാൽ ടി തുക ഗുണഭോക്താക്കൾക്ക് നൽകിയതായോ തുക വിനിയോഗിച്ചതായോ ഉള്ള രേഖകൾ ഫയലിൽ ലഭ്യമല്ല.

ഇ) പ്രോജക്റ്റ് നം. : SO 113/17 (PMAY ഭവനനിർമ്മാണം- പട്ടികജാതി വകുപ്പിൽ നിന്നും ലഭിക്കേണ്ട തുക)

അടങ്കൽ തുക : 16,00,000/- രൂപ (വികസനഫണ്ട്- SCP)

ചെലവ് : 16,00,000/- രൂപ (ബിൽ നം. plan 23/scp/16-17. dtd. 27.03.2017)

ടി പദ്ധതി പ്രകാരം 16,00,000/- രൂപ ട്രഷറിയിൽ നിന്നും TSB അക്കൗണ്ടിലേക്ക് മാറ്റുകയും തുടർന്ന് ടി തുക RTGS മുഖേന കോർപ്പറേഷൻ ബാങ്കിന്റെ കഴക്കൂട്ടം ശാഖയിൽ നിക്ഷേപിക്കുകയും ചെയ്തു. എന്നാൽ ടി തുക ഗുണഭോക്താക്കൾക്ക് നൽകിയതായോ തുക വിനിയോഗിച്ചതായോ ഉള്ള രേഖകൾ ഫയലിൽ ലഭ്യമല്ല.

ഇപ്രകാരം ആകെ 1,34,40,000/- രൂപ അഞ്ചു പദ്ധതികളിലായി പിൻവലിക്കപ്പെട്ടിട്ടുണ്ട്. (വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.5) മറുപടി തൃപ്തികരമല്ല.) വാർഷിക ധനകാര്യപത്രിക പ്രകാരം കോർപ്പറേഷൻ ബാങ്കിൽ 2,51,35,842/- രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ നിന്നും പി.എം.എ.വൈ പദ്ധതിയുടെ നിർവ്വഹണം പണം പിൻവലിക്കലിൽ മാത്രമായി പരിമിതപ്പെട്ടിരിക്കുന്നുവെന്ന് മനസ്സിലാക്കാം. ഈ പ്രവണത ആശാസ്യമല്ല. ആയതിനാൽ പദ്ധതികൾ യഥാവിധി നിർവ്വഹണം നടത്തുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധപുലർത്തേണ്ടതാണ്.

## 3-7 <u>സി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ - എൻ.എ.സി വാങ്ങിയിട്ടില്ല.</u>

പ്രോജക്റ്റ് നം. : SO013/17 (പുത്തൻതോപ്പ് സി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ)

അടങ്കൽ : 5,00,000/- (വികസനഫണ്ട് - റോഡിതരം)

ചെലവ് : 5,00,000/- (ബിൽ നം.CB 12/16-17 dt.17.03.2017 Rs.3,00,000/- &

CB 6/16-17 dt.21.12.2016,Rs.2,00,000/-)

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ

അലോപ്പതി ആശുപത്രികളിൽ മരുന്ന വാങ്ങൽ കേന്ദ്രീകൃത രീതിയിൽ നടത്തി മരുന്നുകൾ

ആശുപത്രികളിൽ ലഭ്യമാക്കുക എന്നുള്ളത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. ഇത്തരം പ്രോജക്ട് തയ്യാറാക്കുമ്പോൾ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ചിരിക്കണം. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെയും ആരോഗ്യ സ്ഥാപനങ്ങളിലേക്ക് വേണ്ടി അല്ലാതെയും മരുന്നുകൾ വാങ്ങാനോ തുക ചെലവഴിക്കാനോ പാടില്ല. (GO(MS)362/2013 തസ്വഭവ.16.11.2013) എന്നാൽ C.H.C പുത്തൻതോപ്പിലേക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് നടപ്പിലാക്കിയപ്പോൾ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. കൂടാതെ KMSCL മുഖേന മരുന്നു ലഭ്യമാക്കുന്നതിനു പകരം ഇൻ ഹൗസ് ഡ്രഗ് ബാങ്ക് എന്ന സ്ഥാപനത്തിൽ നിന്നും മരുന്നുകൾ വാങ്ങിയിരിക്കുന്നു. വരുംവർഷങ്ങളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ NAC വാങ്ങി, KMSCL-ൽ നിന്നും മരുന്നു വാങ്ങൽ പ്രോജക്ടുകൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.8-ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

## 3-8 സി.എച്ച്.സി ക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ - എൻ.എ.സി വാങ്ങിയിട്ടില്ല.

പ്രോജക്ട് നം. : SO015/17 (പുത്തൻതോപ്പ് സി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ)

അടങ്കൽ : 4,00,000/- (വികസനഫണ്ട് - റോഡിതരം)

ചെലവ് : 4,00,000/- (ബിൽ നം. CB 10/16-17 dt.27.02.2017)

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ

നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങാനോ തുക ചെലവഴിക്കാനോ പാടില്ലായെന്നിരിക്കെ C.H.C പുത്തൻതോപ്പിലേക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ പ്രോജക്ട് നടപ്പിലാക്കിയപ്പോൾ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. കൂടാതെ KMSCL-ൽ ടി ഉപകരണങ്ങൾ ലഭ്യമാണെന്നിരിക്കെ ഇതരസ്ഥാപനങ്ങളിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നു. വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.8-ന് ലഭ്യമാക്കിയ മറുപടിയിൽ റേറ്റ് കോൺട്രാക്ട് നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങിയത് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ടി മറുപടി തൃപ്തികരമല്ല. ആയതിനാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ NAC വാങ്ങി, KMSCL-ൽ നിന്നും ഉപകരണങ്ങൾ വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 രേഖകൾ ലഭ്യമാക്കാതെ ആനുകൂല്യം നല്കി.

പ്രോജക്ട് നം. : SO076/17 (ഭിന്നശേഷിയുള്ളവർക്ക് മോട്ടോറൈസ്ഡ് ട്രൈസ്കൂട്ടർ വിതരണം)

അടങ്കൽ : 15,21,000/- (വികസനഫണ്ട് - പൊതുവിഭാഗം)

ചെലവ് : 14,81,568/-

നിർവഹണ ഉദ്യോഗസ്ഥ : ശിശുവികസന ഓഫീസർ

2016-17 ൽ സി.ഡി.പി.ഒ നടപ്പാക്കിയ ട്രൈസ്കൂട്ടർ വിതരണ പദ്ധതിയിൽ മംഗലപുരം ഗ്രാമപഞ്ചായത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി.താഹിറാബീവി, പുതുവൽവിള പുത്തൻവീട്, പൊയ്കയിൽ, തോന്നയ്ക്കൽ എന്ന ഗുണഭോക്താവിന് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് ആനുകൂല്യം നൽകിയത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 7 – ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങളും, ഉത്തരവുകളും, പദ്ധതി മാർഗ്ഗരേഖകളും കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്.ഭവന പദ്ധതി | ജി.ഒ. (എം.എസ്) 637/2010 ത.സ്വ.ഭ.വ. 25/03/2010 | 6010265 | 1990177 | 705237 (601026) | ലഭ്യമല്ല (104211) | 1284940 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,07,84,032/- (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,02,48,674/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,00,000/- |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 2,00,000/- | കെ.അജികുമാർ, സെക്രട്ടറി |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല.

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായ*

ഇല്ല

*(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1997-98 | നം.എൽ.എഫ്.റ്റി.ഡി.ബി&ഡി 406/09 തീയതി 16.4.13 | 8 | - |
| 1998-99 | നം.എൽ.എഫ്.റ്റി.ഡി.ബി&ഡി 405/09 തീയതി 16.4.13 | 1 | - |
| 1999-00 | നം.എൽ.എഫ്.റ്റി.ഡി.ബി&ഡി 408/09 തീയതി 16.4.13 | 14 | - |
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.ബി&ഡി 407/09 തീയതി 16.4.13 | 2 | - |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി.ബി&ഡി 1358/07 തീയതി 16.4.13 | 5 | - |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.ബി&ഡി 1359/07 തീയതി 15.4.13 | 3 | - |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി. ബി&ഡി1721/08 തീയതി18.1.14 | 3 | - |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി. ബി&ഡി1722/08 തീയതി15.04.13 | 6 | - |
| 2005-06 | നം.കെ എസ് എ റ്റി വി എം ബി &ഡി 1010/2015 തീയതി 4.9.15 | 7 | - |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ബി&ഡി 2399/11 തീയതി 15.04.13 | 8 | - |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ബി&ഡി 2400/2011 തീയതി15.04.13 | 6 | - |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ബി&ഡി 2416/11 തീയതി 26.11.13 | 11 | - |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ബി&ഡി 2179/13തീയതി2.9.14 | 6 | - |
| 2010-11 | നം.കെ.എസ്.എ.റ്റി.വി.എം.ബി &ഡി 1717/2015 തീയതി 7.1.16 | 2 | - |
| 2011-12 | നം.കെ എസ് എ റ്റി വി എം ബി &ഡി 1070/2015 തീയതി 1.10.2015 | 5 | - |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ബി&ഡി 2303/14തീയതി 11.12.15 | 5 | - |

| | | | |
|---|---|---|---|
| 2013-14 | നം.കെ.എസ്.എ.റ്റി.വി.എം/ബി & ഡി/89/16 തീയതി-16-01-2016 | 9 | - |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം/ബി & ഡി/836/16 തീയതി-24-06-2016 | 6 | - |
| 2015-16 | നം.കെ.എസ്.എ.റ്റി.വി.എം/ബി പി/183/17 തീയതി-04-02-2017 | 7 | - |

ഒപ്പ്/-

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം-4

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)-1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ പത്രിക പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003ജൂൺ 12-ലെ നമ്പർ: 319/2003/ധന, തിയതി:12.06.2003

ഉത്തരവും അനുസരിച്ചാണ്.

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. ക്രയശോഷണം കണക്കാക്കിയുള്ള ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
2. ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന തുക തനത്ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

ഒപ്പ്/-

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.